DESPATCHED
On...04/04/22

30/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1977(1)/2021/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 16919/SIC-G4/2021)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മാർച്ച് 30

Dr. Remya K.P.
Sopanam,
TRWA (A) 42, Mele Thampanoor,
Sreemoolam Lane,
Thiruvananthapuram – 695 001.
} അപ്പീൽ ഹർജിക്കാരി

3) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574.

4) അപ്പീൽ അധികാരി & രജിസ്ട്രാർ,
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,
കാലടി പി.ഒ., എറണാകുളം – 683 574.
} എതിർകക്ഷികൾ

## ഉത്തരവ്

ഡോ. രമ്യ കെ.പി., സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി കമ്മീഷൻ പുറപ്പെടുവിച്ച 3.3.2022-ലെ ഉത്തരവിൽ ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 5-ാമത് ഇനത്തിൽ, സംസ്കൃതം (ജനറൽ), അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ അപേക്ഷകരുടെ യോഗ്യത പരിശോധിച്ച് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ പകർപ്പ് സീൽഡ് കവറിൽ കമ്മീഷനിൽ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം എതിർകക്ഷി കമ്മീഷനിൽ ഹാജരാക്കിയ Ad D/686/SSUS/2019(1) dated 31.8.2019 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ (സംസ്കൃതം) സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി റിപ്പോർട്ട് കമ്മീഷൻ പരിശോധിച്ചതിൽ ആയതിൽ ലഭിച്ച മാർക്കുകൾ ഉൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികളുടെയും വ്യക്തിഗത വിവരങ്ങൾ ഉൾപ്പെട്ടിരുന്നതിനാലാണ് മൂന്നാം കക്ഷി വിവരമായി കണക്കാക്കി മറുപടി നൽകാതിരുന്നത് എന്ന് കാണുന്നു.

എന്നാൽ ഹർജിക്കാരി ടി റാങ്കിൽ ഉൾപ്പെട്ട ആളായതിനാലും ആയതിനെതിരെ ടിയാൾക്ക് ആക്ഷേപം നില നിൽക്കുന്നതിനാലും ടിയാളുടെ ആക്ഷേപം ദുരീകരിക്കുന്നതിന് നിയമപ്രകാരം നൽകുവാൻ കഴിയുന്ന, വ്യക്തിഗത വിവരങ്ങൾ ഒഴിവാക്കിയുള്ള സ്റ്റാറ്റ്യൂട്ടറി റിപ്പോർട്ടിന്റെ പകർപ്പ് എതിർകക്ഷികൾ ഹർജിക്കാരിക്ക് നൽകേണ്ടതായിരുന്നു എന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ആയതിനാൽ ടി റിപ്പോർട്ടിൽ അടങ്ങിയ ഓരോ ഉദ്യോഗാർത്ഥികൾക്കും ലഭിച്ച മാർക്കുകൾ, അവരുടെ ജാതി സംബന്ധിച്ച വിവരം മാർക്കിട്ട വ്യക്തികളുടെ വിവരം തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ മറച്ചുവച്ചു കൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് (അപേക്ഷകയ്ക്ക് കിട്ടിയ മാർക്ക് വെളിപ്പെടുത്താവുന്നതാണ്) 15.4.2022-നകം ഹർജിക്കാരിക്ക് സൗജന്യമായി ഒന്നാം എതിർകക്ഷി അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

2. കമ്മീഷൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.3.2022, 17.3.2022 എന്നീ തീയതികളിലെ PIO/Admn/19387-2022/SSUS/2015 നമ്പർ കത്തുകൾ പ്രകാരം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സീൽഡ് കവറിൽ കമ്മീഷനിൽ ഹാജരാക്കിയ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റി റിപ്പോർട്ടുകൾ കമ്മീഷൻ പരിശോധിച്ചു കഴിഞ്ഞതിനാൽ ടി റിപ്പോർട്ടുകൾ സീൽഡ് കവറിലായി തന്നെ കമ്മീഷൻ സെക്രട്ടറി ഒന്നാം എതിർകക്ഷിക്ക് തിരികെ അയച്ചു കൊടുക്കേണ്ടതാണ്. ആയത് തിരികെ കിട്ടിയതിനുള്ള കൈപ്പറ്റ് രസീത് ഒന്നാം എതിർകക്ഷി കമ്മീഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

3. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 മാർച്ച് 30-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM